# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1337 01.07.2015 - ൽ മറുപടിക്ക്

## കഴക്കൂട്ടം - കോവളം ബൈപ്പാസ് ദർഘാസ് വിജ്ഞാപനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. ശിവൻകുട്ടി : | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതു മരാമത്ത് വകുപ്പ് മന്ത്രി) | |
| (എ) | കഴക്കൂട്ടം - കോവളം ബൈപ്പാസ് നാല് വരിപ്പാതയാക്കാനുള്ള പ്രവൃത്തി ടെണ്ടർ വിജ്ഞാപനം ചെയ്തത് എന്നാണ് എന്നും ഏതെല്ലാം കോൺട്രാക്ടർമാർ ടെണ്ടറിൽ പങ്കെടുക്കുകയുണ്ടായെന്നും ക്വാളിഫൈ ചെയ്യപ്പെട്ടവർ ആരൊക്കെയെന്നും വിശദാംശം നൽകുമോ ; | (എ) | കഴക്കൂട്ടം - കോവളം ബൈപ്പാസ് നാല് വരിപ്പാതയാക്കാനുള്ള പ്രവൃത്തിയുടെ ടെണ്ടർ വിജ്ഞാപനം ചെയ്തത് 30.10.2014 - ൽ ആണ്. ടെണ്ടർ സ്വീകരിച്ച അവസാന തീയതി 10.04.2015 - ൽ ആണ്. ടെണ്ടറിൽ പങ്കെടുത്തവർ മെസ്സേർസ് കെ. എൻ. ആർ. കൺസ്ട്രക്ഷൻസ് ലിമിറ്റഡ്, ഹൈദരബാദ്, എൽ ആന്റ് റ്റി കൺസ്ട്രക്ഷൻ കമ്പനി എന്നിവരാണ്. ഇതിൽ മെസ്സേർസ് കെ. എൻ. ആർ. കൺസ്ട്രക്ഷൻസ് ലിമിറ്റഡ്, ഹൈദരബാദ് ആണ് ക്വാളിഫൈ ചെയ്യപ്പെട്ടത്. |
| (ബി) | ക്വോട്ട് ചെയ്തവർ ഓരോരുത്തരം എന്തു തുക വീതമാണ് രേഖപ്പെടുത്തിയിരുന്നത് എന്ന് വ്യക്തമാക്കുമോ ; | (ബി) | ഓരോരുത്തരും ക്വോട്ട് ചെയ്ത തുക ചുവടെ ചേർക്കുന്നു. |

| | |
|---|---|
| മെസ്സേർസ് കെ. എൻ. ആർ. കൺസ്ട്രക്ഷൻസ് ലിമിറ്റഡ് ഹൈദരബാദ് | 669.06 കോടി |
| എൽ ആന്റ് റ്റി കൺസ്ട്രക്ഷൻ കമ്പനി | 708.40 കോടി |

| | | | |
|---|---|---|---|
| (സി) | എസ്റ്റിമേറ്റ് തയ്യാറാക്കപ്പെട്ടത് എപ്പോഴായിരുന്നു ; തുക എത്രയായിരുന്നു ; എസ്റ്റിമേറ്റ് തുകയും വർക്ക് അവാർഡ് ചെയ്ത തുകയും എത്ര വീതമാണ് ; നിർമ്മാണത്തിന് എഗ്രിമെന്റ് വച്ച കമ്പനി ഏതാണ് ; വിശദമായ വിവരം നൽകുമോ ; | (സി) | നിലവിലെ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എസ്റ്റിമേറ്റ് തുക (സിവിൽ വർക്ക്) 621.22 കോടി രൂപയും വർക്ക് അവാർഡ് ചെയ്ത തുക 669.06 കോടി രൂപയുമാണ്. മെസ്സേഴ്സ് കെ. എൻ. ആർ. കൺസ്ട്രക്ഷൻസ് ലിമിറ്റഡ്, ഹൈദരബാദുമായാണ് എഗ്രിമെന്റ് വച്ചത്. |
| (ഡി) | പ്രസ്തുത പ്രവൃത്തി നടത്തുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക ഏത് ഹെഡ്ഡിൽ എത്രയായിരുന്നുവെന്നു വെളിപ്പെടുത്തുമോ ? | (ഡി) | പദ്ധതിയുടെ തുക പൂർണ്ണമായും കേന്ദ്രസർക്കാരാണ് വഹിക്കുന്നത്. ആയതിനാൽ സംസ്ഥാന ബജറ്റിൽ തുക വകയിരുത്തേണ്ട ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ